بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 11.05.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 11.05.18 ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

### ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശ്(റ), ഹദ്റത്ത് കഅബ് ബ്നു സൈദ്(റ),ഹദ്റത്ത് സാലിഹ് ശുക്റാൻ(റ)

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനു ശേഷം സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാ പറഞ്ഞു:

ഇന്നു ഞാൻ വിവരിക്കാൻ പോകുന്ന സഹാബാക്കളിൽ ആദ്യത്തേത് ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു ഹജശ്(റ) ആണ്. അദ്ദേഹത്തിന്റെ മാതാവ് ഉമൈമ ബിൻത് അബ്ദുൽ മുത്തലിബ് നബിതിരുമേനി(സ)യുടെ അമ്മായി(പിതൃസഹോദരി)യായിരുന്നു. അമ്മായിയുടെ മകൻ എന്ന നിലയ്ക്ക് തിരുമേനിയുടെ സഹോദരനായിരുന്നു അദ്ദേഹം. നബിതിരുമേനി(സ) ദാറെ അർക്കമിലേക്ക് പോകുന്നതിനു മുൻപു തന്നെ അദ്ദേഹം ഇസ്ലാം സ്വീകരിച്ചിരുന്നു. ഖുറൈശിലെ ബഹുദൈവാരാധകരുടെ പീഡനങ്ങളിൽ നിന്ന് ഇദ്ദേഹത്തിന്റെ കുടുംബവും സുരക്ഷിതരല്ലായിരുന്നു. അദ്ദേഹം തന്റെ സഹോദരന്മാരായ ഹദ്റത്ത് അബൂ അഹ്മദ് ഉബൈദുല്ലാഹ്; സഹോദരിമാരായ ഹദ്റത്ത് സൈനബ് ബിൻത് ഹജശ്, ഹദ്റത്ത് ഉമ്മെ ഹബീബ, ഹംന ബിൻത് ഹജശ് എന്നിവരോടൊപ്പം രണ്ടു തവണ അബ്സ്സീനിയയിലേക്ക് ഹിജ്റത്ത് ചെയ്തു. ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു ഹജശ് മദീനയിലേക്ക് ഹിജ്റ പോകുന്നതിനു മുൻപ് മക്കയിൽ വരികയും ഇവിടെ തന്റെ ഗോത്രമായ ബനൂഗനമിലെ ദോദവാനിലെ സർവരേയും മുസ്ലിമാക്കി അവരോടൊപ്പം മദീനയിൽ എത്തുകയും ചെയ്തു. അദ്ദേഹം തന്റെ ബന്ധുക്കളെ മക്കയിൽ നിന്ന് കടത്തിക്കൊണ്ടു വന്നപ്പോൾ മക്കയിലെ മൊഹല്ലകൾക്കെല്ലാം അവയുടെ പ്രഭ നഷ്ടപ്പെട്ടു. നിരവധി വീടുകൾ പൂട്ടിയിട്ട നിലയിലായി..

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇതേ അവസ്ഥയാണ് ഇക്കാലത്ത് പാക്കിസ്താനിലെ അഹ്മദികളും നേരിട്ടു കൊണ്ടിരിക്കുന്നത്. ചില ഗ്രാമങ്ങളിൽ തന്നെ ജനവാസമില്ലാതെയായി.

ഇബ്നു ഇസ്ഹാഖ് പറയുന്നു: ബനു ഹജശ്ബ്നു റിയാബ് (റ) മക്കയിൽ നിന്ന് ഹിജ്റത്ത് ചെയ്തപ്പോൾ അദ്ദേഹത്തിന്റെ വീട് അബൂസുഫ്യാൻബ്നു ഹർബ് അംറ്ബ്നു അൽഖയ്ക്ക് വിറ്റു. മദീനയിൽ വെച്ച് ഈ വിവരം അബ്ദുല്ലാഹ്ബ്നു ഹജശിന്റെ അടുക്കലെത്തിയപ്പോൾ അദ്ദേഹം നബി തിരുമേനിയെ അറിയിച്ചു. അപ്പോൾ നബിതിരുമേനി(സ) അരുളി: അല്ലയോ അബ്ദുല്ലാഹ്! അതിനു പകരമായി അല്ലാഹു സ്വർഗത്തിൽ ഒരു മാളിക തന്നരുളുന്നതിൽ നീ തൃപ്തനല്ലേ?

"അതേ, അല്ലാഹുവിന്റെ ദൂതരേ, ഞാൻ തൃപ്തനാണ്" അബ്ദുല്ലാഹ്ബ്നു ഹജശ്(റ) പറഞ്ഞു.

അപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: "ആ മാളിക നിനക്ക് വേണ്ടിയുള്ളതാണ്."

നബിതിരുമേനി(സ) ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു ഹജാശിനെ ഒരു സംഘത്തോടൊപ്പം നഖ്ല താഴ്വരയിലേക്ക് അയച്ചു. ഗ്രന്ഥങ്ങളിൽ ഇതിനെക്കുറിച്ചുള്ള വിവരണം ലഭിക്കുന്നത് ഇപ്രകാരമാണ്: ഒരിക്കൽ ഇശാനമസ്കാരം അനുഷ്ഠിച്ചതിനു ശേഷം നബിതിരുമേനി(സ) ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശിനോടു പറഞ്ഞു: "സ്വന്തം ആയുധങ്ങളെല്ലാം ധരിച്ചു കൊണ്ട് രാവിലെ വരിക, നിങ്ങളെ ഒരിടത്തേക്ക് അയക്കാനുണ്ട്."

അങ്ങനെ നബിതിരുമേനി(സ) സുബഹി നമസ്കാരം നിർവഹിച്ചു കഴിഞ്ഞപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശിനെ തന്റെ വീടിന്റെ വാതിക്കൽ അമ്പും ആവനാഴിയും കുന്തവും പരിചയുമായി നില്ക്കുന്നതാണ് കണ്ടത്. ഹദ്റത്ത് ഉബയ്യ് ബ്നു കഅ്ബിനെ നബിതിരുമേനി(സ) വിളിച്ചു വരുത്തി അദ്ദേഹത്തോട് കത്തെഴുതാൻ കല്പിച്ചു. കത്തെഴുതിക്കഴിഞ്ഞപ്പോൾ അബ്ദുല്ലാഹ് ബ്നു ഹജശിനെ വിളിച്ച് അത് അദ്ദേഹത്തെ ഏൽപിച്ചു കൊണ്ടു പറഞ്ഞു: "ഞാൻ നിങ്ങളെ ഈ സംഘത്തിന്റെ മേൽനോട്ടക്കാരനായി നിശ്ചയിക്കുന്നു." ഹദ്റത്ത് അബ്ദുല്ലാഹ്ബ്നു ഹജശിനെ(റ) നബിതിരുമേനി(സ) 'അമീറുൽ മുഅ്മിനീൻ' എന്ന സ്ഥാനപ്പേര് നല്കിയാണ് അയച്ചത്. 'അമീറുൽ മുഅ്മിനീൻ' എന്ന സ്ഥാനപ്പേര് ആദ്യമായി നല്കപ്പെട്ട സുകൃതവാനായ സഹാബിയായിരുന്നു അബുദുല്ലാഹ്ബ്നു ഹജശ്(റ). ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഹിജ്റ 2 ന് നബിതിരുമേനി(സ) ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശിനെ(റ) പന്ത്രണ്ട് ആളുകളോടൊപ്പം നഖ്ല എന്ന സ്ഥലത്തേക്ക് അയച്ചു. ഒരു കത്ത് അദ്ദേഹത്തിന് നല്കിക്കൊണ്ട് അതു രണ്ടു ദിവസം കഴിഞ്ഞ് തുറന്നു നോക്കാൻ നബിതിരുമേനി(സ) പറഞ്ഞു. രണ്ടു ദിവസം കഴിഞ്ഞ് അതു തുറന്നപ്പോൾ നിങ്ങൾ നഖ്ലയിൽ തങ്ങിക്കൊണ്ട് ഖുറൈശികളുടെ അവസ്ഥ മനസ്സിലാക്കി നമ്മെ അറിയിക്കുക എന്ന് അതിലെഴുതിയിരുന്നു. യാദൃശ്ചികമെന്നു പറയട്ടെ, ആയിടയ്ക്ക് ഖുറൈശികളുടെ ഒരു ചെറിയ യാത്രാസംഘം ശാമിൽ നിന്ന് തിരിച്ചു വരുമ്പോൾ അതിലൂടെ കടന്നു പോയി. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശ്(റ) സ്വന്തം നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അവരെ ആക്രമിച്ചു. അതിന്റെ ഫലമായി അവിശ്വാസികളിൽപ്പെട്ട അംറിബ്നുൽ ഹസ്റമി എന്ന വ്യക്തി കൊല്ലപ്പെടുകയും രണ്ടു പേരെ ജീവനോടെ പിടികൂടുകയും ചെയ്തു. ഗനീമത്ത് മുതലും മുസ്ലിംകൾ പിടിച്ചെടുത്തു. അദ്ദേഹം മദീനയിൽ തിരിച്ചെത്തി നബിതിരുമേനിയോട് നടന്ന

കാര്യങ്ങളെല്ലാം പറഞ്ഞപ്പോൾ നബിതിരുമേനി(സ) വളരെ ദേഷ്യപ്പെട്ടുകൊണ്ടു യുദ്ധത്തിനുള്ള അനുവാദം ഞാൻ നിങ്ങൾക്ക് നല്കിയിട്ടില്ല എന്നു പറയുകയും ഗനീമത്ത് മുതൽ നിരസിക്കുകയും ചെയ്തു.

ബുഖാരിയിലെ ഒരു ഹദീസിനെ വ്യാഖ്യാനിച്ചു കൊണ്ട് ഹദ്റത്ത് സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് എഴുതുന്നു: ഈ സംഘത്തെ ഏതൊരു ലക്ഷ്യത്തിനു വേണ്ടിയാണോ അയച്ചിരുന്നത് അതിൽ അവർ പൂർണമായും വിജയിക്കുകയാണുണ്ടായത്. തടവുകാർ മുഖേന മക്കയിലെ ഖുറൈശികളുടെ ഗൂഢതന്ത്രങ്ങളെക്കുറിച്ചും അവരുടെ ചലനങ്ങളെക്കുറിച്ചും വ്യക്തമായ വിവരങ്ങൾ ലഭിക്കുകയും ചെയ്തു. അവരെ അയച്ചത് മക്കയിലെ ഖുറൈശികളുടെ യുദ്ധസന്നാഹങ്ങളെക്കുറിച്ച് അറിയാനായിരുന്നുവെന്നും എന്നാലവർ കച്ചവടസംഘത്തെ കൊള്ളയടിച്ചു കൊണ്ട് തിരുമേനിയുടെ അടുക്കലേക്ക് തിരിച്ചു പോകുന്നതിൽ മതിയാക്കുകയായിരുന്നുവെന്നും വിചാരിക്കുന്നത് ശരിയല്ല.

ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശ്(റ) ഉന്നതസ്ഥാനമുള്ള സഹാബിയായിരുന്നു. തിരുമേനിയുടെ അമ്മായിയുടെ മകനെന്ന നിലയിൽ സഹോദരനും കൂടിയായിരുന്നു. അല്ലാഹുവിനോടും റസൂലിനോടുമുള്ള അദ്ദേഹത്തിന്റെ അനുരക്തി ലോകത്തെ മറ്റെല്ലാത്തിനെക്കാളും അതിജയിച്ചു നിന്നു. തന്റെ വിലപ്പെട്ട ജീവൻ എങ്ങനെയെങ്കിലും ദൈവമാർഗത്തിൽ ബലിയാകണമെന്ന ആഗ്രഹം മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. അങ്ങനെ അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം പൂർത്തിയായി. അദ്ദേഹത്തിന്റെ ശഹാദത്തിനു മുൻപ് ദുആ സ്വീകരിക്കപ്പെട്ടതിന്റെ പ്രസിദ്ധമായ ഒരു സംഭവമുണ്ട്. ഇസ്ഹാഖ് ബ്നു സഅദ് ബ്നു അബീ വഖാസ് നിവേദനം ചെയ്യുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശ്(റ) ഉഹ്ദ് ദിവസം എന്റെ പിതാവിനോട് അതായത് സഅദിനോട് പറഞ്ഞു: വരൂ നമുക്ക് ദുആ ചെയ്യാം. അങ്ങനെ രണ്ടു പേരും ഒരു ഭാഗത്തേക്കു മാറി നിന്നു. ഹദ്റത്ത് സഅദ്(റ) ആദ്യം ഇപ്രകാരം ദുആ ചെയ്തു: അല്ലാഹുവേ! ഞാൻ നാളെ ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ ആക്രമകാരികളിൽ ശക്തനും മറ്റു ഉള്ളവരെ ഭയപ്പെടുത്തുന്നവനുമായ വ്യക്തിയുമായി ഏറ്റുമുട്ടാനും അവനെ നിന്നെ മാർഗത്തിൽ കൊന്നു കൊണ്ട് അവന്റെ ആയുധങ്ങൾ കരസ്ഥമാക്കാനുമുള്ള അവസരം നല്കേണമേ. അപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശ്(റ) ആമീൻ എന്നു പറഞ്ഞു. അനന്തരം അദ്ദേഹം ഇപ്രകാരം ദുആ ചെയ്തു: ഞാൻ നാളെ ശത്രുക്കളുമായി ഏറ്റുമുട്ടുമ്പോൾ ആക്രമകാരികളിൽ ശക്തനും മറ്റുള്ളവരെ ഭയപ്പെടുത്തുന്നവനുമായി ഏറ്റുമുട്ടാൻ ഇടയാക്കണമേ. നിനക്കു വേണ്ടി ഞാൻ അവനോട് യുദ്ധം ചെയുമ്പോൾ അയാൾ എന്നെ അധീനപ്പെടുത്തി കൊന്നു കളയുകയും എന്റെ മൂക്കും ചെവിയും ഛേദിക്കുകയും എന്നിട്ട് നിന്റെ സമക്ഷം ഹാജരാകുന്ന നേരത്ത്, അല്ലയോ അബ്ദുല്ലാഹ് ആരുടെ മാർഗത്തിലാണ് നിന്റെ മൂക്കും ഇരു ചെവികളും ഛേദിക്കപ്പെട്ടത് എന്ന് നീ ചോദിക്കുമ്പോൾ നിന്റെയും നിന്റെ റസൂലിന്റെയും മാർഗത്തിലെന്നു ഞാൻ പറയുമ്പോൾ സത്യമാണ് ഞാൻ പറഞ്ഞതെന്ന് നീ പറയുകയും ചെയ്യേണമേ. ഹദ്റത്ത് സഅദ്(റ) പറയുന്നു: എന്റെ ദുആയെക്കാൾ മികച്ചതായിരുന്നു ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശിന്റേത്. എന്തെന്നാൽ, അവസാനം ദിവസം അദ്ദേഹത്തിന്റെ മൂക്കും ഇരു ചെവികളും ഒരു നൂലിൽ തൂങ്ങിക്കിടക്കുന്നത് കണ്ടു. അതായത് ഛേദിക്കപ്പെട്ട ആ അവയങ്ങൾ കോർത്തു വെച്ചിരിക്കുന്നു. ഹദ്റത്ത് മുത്തലിബ് ബ്നു അബ്ദുല്ലാഹ് ബ്നു ഹൻതബ്(റ) നിവേദനം ചെയ്യുന്നു: ഉഹ്ദു യുദ്ധത്തിനു വേണ്ടി പോകുന്ന വഴിയിൽ നബിതിരുമേനി(സ) ഒരിടത്ത് തങ്ങി. ഹദ്റത്ത് ഉമ്മെ സൽമ(റ) വേവിച്ച മാംസം കൊണ്ടു വന്നപ്പോൾ നബിതിരുമേനി അതിൽ നിന്ന് അല്പം ഭക്ഷിച്ചു. അതുപോലെ ഈത്തപ്പഴസത്ത് കൊണ്ടു വന്നു നല്കി. നബിതിരുമേനി(സ) അതും കുടിച്ചു. ഒരാൾ ഈത്തപ്പഴസത്തിന്റെ പാത്രമെടുത്ത് കുടിച്ചതിനു ശേഷം, ഹദ്റത്ത് അബ്ദുല്ലാഹ് ബ്ൻ ഹജശ്(റ) ആ പാത്രം വാങ്ങി കുടിച്ചു തീർത്തു. ഒരാൾ ചോദിച്ചു: എനിക്കും അല്പം കുടിക്കാൻ തരൂ. നാളെ രാവിലെ നിങ്ങൾ എങ്ങോട്ടു പോകുമെന്ന് അറിയുമോ?

"അറിയാം" ഇബ്നു ഹജശ്(റ) പറഞ്ഞു " ദാഹിച്ച അവസ്ഥയേക്കാൾ പൂർണ്ണതൃപ്തിയുള്ള അവസ്ഥയിൽ അല്ലാഹുവിനെ കാണാനാണ് ഞാൻ ഏറെ ഇഷ്ടപ്പെടുന്നത്.".

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈ സഹാബാക്കളുടെ ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കുന്ന ശൈലി വിസ്മയിപ്പിക്കുന്നതാണ്. അതിനു വേണ്ടിയുള്ള തയ്യാറെടുപ്പിലും ആ അദ്ഭുതനിറം പ്രകടമാണ്.

ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശിനെ(റ)യും ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു അബ്ദുൽ മുത്തലിബിനെ(റ)യും ഒരേ ഖബറിലായിരുന്നു മറവു ചെയ്തത്. ഹദ്റത്ത് അബ്ദുല്ലാഹ് ബ്നു ഹജശി(റ)ന്റെ മാതൃസഹോദരീ ഭർത്താവാണ് ഹദ്റത്ത് ഹംസ(റ). ശഹീദാകുമ്പോൾ ഇബ്നു ഹജശി(റ)ന് നാല്പത് വയസ്സിലേറെ പ്രായമുണ്ടായിരുന്നു. അദ്ദേഹം വിട്ടുപോയ സ്വത്തുക്കളുടെ മേൽനോട്ടം വഹിച്ചിരുന്നത് നബി(സ)തിരുമേനിയായിരുന്നു. ഖൈബറിൽ വെച്ച് നബിതിരുമേനി(സ) അദ്ദേഹത്തിന്റെ മകന് സ്വത്തു വാങ്ങിക്കൊടുത്തു. ആധികാരികമായി അഭിപ്രായനിർദേശങ്ങൾ നല്കാൻ കഴിവുള്ളവനെന്ന ശ്രേഷ്ഠതയും അദ്ദേഹത്തിനുണ്ടായിരുന്നു.

രണ്ടാമതായി ഞാൻ പറയാനുദ്ദേശിക്കുന്ന സഹാബി കഅബ് ബ്നു സൈദ്(റ) ആണ്. കഅബ് ബ്നു സൈദ് ബ്നു ഖൈസ്(റ) എന്നാണ് അദ്ദേഹത്തിന്റെ പേര്. ബനൂ നജ്ജാർ ഗോത്രക്കാരാണ്. ഹദ്റത്ത് കഅബ്(റ) ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഖന്തക്ക് യുദ്ധത്തിലാണ് ശഹീദായത്. അദ്ദേഹത്തിന് ഉമയ്യിബ്നു റബീഅ ബ്നു സഖറിന്(റ) അമ്പേറ്റുവെന്ന് പറയപ്പെടുന്നു. ബിഅ്ർ മഊനയിലെ സഹാബാക്കളിൽപ്പെട്ട ആളായിരുന്നു. അവിടെ വെച്ച് അദ്ദേഹത്തിന്റെ കൂടെയുള്ളവരെല്ലാം ശഹീദായി; അദ്ദേഹം മാത്രമേ ജീവനോടെ രക്ഷപ്പെട്ടിരുന്നുള്ളു.

മൂന്നാമത്തെ സഹാബി ഹദ്റത്ത് സാലിഹ് ശുക്റാൻ(റ) ആണ്. അദ്ദേഹത്തിന്റെ പേര് സാലിഹ് എന്നാണ്. ശുക്റാൻ എന്നത് സ്ഥാനപ്പേരാണ്. ഈ പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നതും. ഹദ്റത്ത് അബ്ദുറഹ്മാൻ ബ്നു ഔഫി(റ)

ന്റെ അബ്സ്സീനിയൻ അടിമയായിരുന്നു അദ്ദേഹം. നബിതിരുമേനി(സ) തന്റെ സേവനത്തിനായി അദ്ദേഹത്തെ ഇഷ്ടപ്പെട്ടതിനാൽ വില കൊടുത്ത് വാങ്ങുകയാണുണ്ടായത്. ഹദ്റത്ത് അബ്ദുറഹ്മാൻ ബ്നു ഔഫ്(റ) പ്രതിഫലം വാങ്ങാതെ നബിതിരുമേനി(സ)ക്ക് സമർപ്പിക്കുകയായിരുന്നുവെന്നും നിവേദനങ്ങളിൽ വന്നിട്ടുണ്ട്. ബദർ യുദ്ധത്തിനു ശേഷം നബിതിരുമേനി(സ) അദ്ദേഹത്തെ സ്വതന്ത്രനാക്കി. ഹദ്റത്ത് ജാഫറി ബ്നു മുഹമ്മദ് സാദിഖ്(റ) പറയുന്നു: ഹദറത്ത് ശുക്റാൻ(റ) അസ്ഹാബു സുഫയിൽപ്പെട്ട സഹാബിയായിരുന്നു. നബിതിരുമേനിയുടെ ജനാസ കുളിപ്പിക്കുന്നതിലും മറവു ചെയ്യുന്നതിലും പങ്കെടുക്കാനുള്ള സൗഭാഗ്യം ഹദ്റത്ത് ശുക്റാന് ലഭിച്ചു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: നബിതിരുമേനി(സ)യെ അവിടുന്ന് ധരിച്ച കുപ്പായത്തോടെയാണ് കുളിപ്പിച്ചത്. ജനാസ വെയ്ക്കാൻ ഖബറിലിറങ്ങിയത് ഹദ്റത്ത് അലി(റ), ഹദ്റത്ത് ഫളൽ ബ്നു അബ്ബാസ്(റ), ഹദ്റത്ത് ശുക്റാൻ(റ), ഹദ്റത്ത് ഔസ് ബ്നു ഖോലി(റ) എന്നിവരായിരുന്നു. ഹദ്റത്ത് ശുക്റാൻ(റ) പറയുന്നു: അല്ലാഹുവാണെ, ഖബറിൽ നബിതിരുമേനി(സ)യുടെ താഴെ വെൽവെറ്റ് പുതപ്പ് വിരിച്ചത് ഞാൻ തന്നെയായിരുന്നു. നബിതിരുമേനി(സ)ക്കു ശേഷം മറ്റാരെങ്കിലും ആ പുതപ്പ് ധരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല എന്ന് അദ്ദേഹം പറയുമായിരുന്നു. കാരണം നബിതിരുമേനി(സ) ഉടുക്കുകയും വിരിക്കുകയും ചെയ്യാറുള്ള പുതപ്പായിരുന്നു അത്. മുറൈസി യുദ്ധവേളയിൽ നബിതിരുമേനി(സ) തടവുകാരിൽ നിന്നും മുറൈസിയക്കാരുടെ ക്യാമ്പുകളിൽ നിന്നും ലഭിച്ച യുദ്ധമുതലുകളുടെ മേൽനോട്ടക്കാരനായി നിശ്ചയിച്ചത് ഹദ്റത്ത് ശുക്റാനെ(റ) ആയിരുന്നു. വളരെ വിശ്വസ്തനും വിശ്വാസയോഗ്യനുമായതു കൊണ്ടായിരുന്നു അദ്ദേഹത്തെ സൂക്ഷിപ്പുകാരനായി നിയമിച്ചത്. ഇദ്ദേഹത്തെസ്സംബന്ധിച്ച് അറിയാൻ സാധിക്കുന്ന മറ്റൊരു സംഗതി, ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് ശുക്റാന്റെ(റ) മകൻ അബ്ദുറഹ്മാന് ബ്നു ശുക്റാനെ ഹദ്റത്ത് അബൂ മൂസാ അശ്അരിയുടെ അടുക്കലേക്ക് പറഞ്ഞയച്ചു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിനെഴുതി: നബിതിരുമേനി(സ) സ്വതന്ത്രനാക്കിയ അടിമ സാലിഹ് ശുക്റാന്റെ മകൻ അബ്ദുറഹ്മാനെ ഞാൻ താങ്കളുടെ അടുക്കലേക്ക് അയക്കുകയാണ്. ഇദ്ദേഹത്തിന്റെ പിതാവിനോട് നബിതിരുമേനി(സ) കാണിച്ച ബഹുമാനാദരങ്ങളെ മാനിച്ചു കൊണ്ട് ഇദ്ദേഹത്തോട് പെരുമാറേണ്ടതാണ്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഈയൊരു സ്ഥാനമാണ് ഇസ്ലാം അടിമകൾക്കു പോലും നല്കിയത്. അടിമത്തത്തിൽ നിന്ന് സ്വതന്ത്രരാക്കിയെന്നു മാത്രമല്ല, അവരുടെ സന്താനങ്ങളും ബഹുമാനത്തിന് പാത്രമായി. മദീനയിലാണ് ഹദ്റത്ത് ശുക്റാൻ താമസിച്ചിരുന്നത് എന്നാണ് ഒരു രിവായത്തിൽ വന്നിരിക്കുന്നത്. ബസറയിലും ഒരു അദ്ദേഹത്തിന് വീടുണ്ടായിരുന്നു. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വാഫാത്തായത്.

അടുത്ത സഹാബി മാലിക് ബ്നു ദഹ്ശം(റ) ആണ്. ബനൂ ഖസ്റജ് ഗോത്രത്തിലെ ബനൂഗനം ബ്നു ഔഫ് കുടുംബത്തിൽപ്പെട്ട ആളാണ് അദ്ദേഹം. ചില രിവാത്തുകളനുസരിച്ച് ബൈഅത്തെ ഉഖ്ബായിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ഹദ്റത്ത് മാലിക് ബ്നു ദഹ്ശം(റ) ബദർ, ഉഹ്ദ്, ഖന്തക്ക് എന്നീ യുദ്ധങ്ങളിലും ശേഷമുള്ള എല്ലാ യുദ്ധങ്ങളിലും നബിതിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. സഹീഹ് ബുഖാരിയിൽ ഒരു രിവായത്തുണ്ട്: ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്ന ഒരു അൻസാരി സഹാബി നബിതിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! എന്റെ കാഴ്ചയ്ക്ക് മങ്ങലേറ്റിരിക്കുന്നു. ഞാൻ എന്റെ ജനതയെ നമസ്കരിപ്പിക്കുന്നു. മഴ പെയ്യുമ്പോൾ എനിക്കും അവർക്കുമിടയിലുള്ള തോടിൽ വെള്ളം നിറഞ്ഞൊഴുകുമ്പോൾ അവരുടെ പള്ളിയിൽ ചെന്ന് നമസ്കരിപ്പിക്കാൻ എനിക്ക് കഴിയാറില്ല. അല്ലാഹുവിന്റെ റസൂലേ! അങ്ങ് എന്റെ വീട്ടിൽ വരികയും അവിടെ നമസ്കരിപ്പിക്കുകയും ചെയ്യണമെന്നാണ് എന്റെ ആഗ്രഹം. അപ്പോൾ അതെനിക്ക് പള്ളിയാക്കാമല്ലോ.

നബിതിരുമേനി(സ) പറഞ്ഞു: ഇൻശാ അല്ലാഹ്, ഞാൻ വരാം. അദ്ദേഹം പറയുന്നു: നബിതിരുമേനി(സ)യും അബൂബക്കറും(റ) ഒരു ദിവസം വീട്ടിൽ വന്നു. വീട്ടിന്റെ ഒരു കോണിൽ നമസ്കരിപ്പിച്ചു. മൊഹല്ലയിലെ മറ്റു ചിലയാളുകളും പലഭാഗത്തു നിന്നും എത്തി. അവർ ഒരുമിച്ചു കൂടിയപ്പോൾ അവരിലൊരാൾ മാലിക് ബ്നു ദഹ്ശം എവിടെയെന്ന് ചോദിച്ചു. അപ്പോൾ മറ്റൊരാൾ പറഞ്ഞു അയാൾ മുനാഫിഖാണ്; അല്ലാഹുവിനോടു റസൂലിനോടും അയാൾക്ക് സ്നേഹമില്ല എന്ന്. നബിതിരുമേനി(സ) പറഞ്ഞു: അങ്ങനെ പറയരുത്. അയാൾ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ഏറ്റുപറഞ്ഞിരിക്കുന്നു. അതു മുഖേന ദൈവതൃപ്തി മാത്രമാണ് അയാൾ ആഗ്രഹിക്കുന്നത്. അപ്പോൾ ആ വ്യക്തി പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും മാത്രമേ ഏറ്റവും നന്നായി അറിയുകയുള്ളൂ. ഞങ്ങൾ അദ്ദേഹത്തെ മുനാഫിഖുകൾക്കു വേണ്ടി ശ്രദ്ധ ചെലുത്തുകയും അവരുടെ നന്മ കാംക്ഷിക്കുകയും ചെയ്യുന്നതായിട്ടാണ് കാണുന്നത്. നബിതിരുമേനി(സ) പറഞ്ഞു: ഒരു പക്ഷേ, അദ്ദേഹം ലോലഹൃദയനായതു കൊണ്ട് മുനാഫിഖുകളിലും തബ്ലീഗ് ചെയ്യണമെന്നും അവരെ ഇസ്ലാമിലേക്ക് അടുപ്പിക്കണമെന്നും ആഗ്രഹിക്കുന്നുണ്ടാകും. അതു കൊണ്ടാണ് അദ്ദേഹത്തിന് അവരോട് അനുകമ്പ തോന്നിയത്. അതുകാരണം സഹാബാക്കളിൽ തെറ്റുധാരണയും ഉടലെടുത്തു.

ഹദ്റത്ത് അനസ് ബ്നു മാലിക്ക്(റ) രിവായത്ത് ചെയ്യുന്നു: നബിതിരുമേനി(സ)യുടെ മുൻപാകെ ഹദ്റത്ത് മാലിക് ബ്നു ദഹ്ശമി(റ)നെക്കുറിച്ച് മോശമായി സംസാരിച്ചപ്പോൾ നബിതിരുമേനി(സ) പറഞ്ഞു: എന്റെ സഹാബാക്കളെ ചീത്ത പറയരുത്. നബിതിരുമേനി തബൂക്ക് യുദ്ധത്തിൽ നിന്നും തിരിച്ചു വരുന്ന വഴി മദീനയ്ക്കടുത്ത് ഒരു സ്ഥലത്തു തങ്ങുകയുണ്ടായി. അപ്പോൾ മസ്ജിദ് ളിറാറിനെക്കുറിച്ച് അല്ലാഹു വഹ്യ് ഇറക്കി. നബിതിരുമേനി(സ) ഹദ്റത്ത് മാലിക് ബ്നു ദഹ്ശമിനെയും ഹദ്റത്ത് മഅന് ബ്നു അദിയെയും വിളിച്ചു വരുത്തിക്കൊണ്ട് മസ്ജിദ് ളിറാറിലേക്കു പോകാൻ നിർദേശിക്കുകയും ചെയ്തു. രണ്ടു പേരും മാലിക് ബ്നു ദഹ്ശമിന്റെ ബനൂ സാലിം ഗോത്രത്തിലെത്തി. മാലിക് ബ്നു ദഹ്ശം ഹദ്റത്ത് മഅനിനോട് പറഞ്ഞു: ഞാൻ വീട്ടിൽ നിന്നും തീ കൊണ്ടു വരുന്നതു വരെ കാത്തിരു

ന്നാലും. അങ്ങനെ അദ്ദേഹം വീട്ടിൽ നിന്നും ഉണങ്ങിയ ഈന്തപ്പന കൊമ്പിൽ തീയുമായി വന്നു. എന്നിട്ടു രണ്ടു പേരും മസ്ജിദ് ളിറാറിലേക്കു പോയി. ഒരു രിവായത്തനുസരിച്ച് മഗ്‌രിബിനും ഇശാക്കുമിടയിലാണ് അവർ എത്തിയത്. അവർ അവിടെ എത്തി പള്ളിക്കു തീ കൊടുത്തു. പള്ളി കത്തി നിലം പതിച്ചു. ഇവർ ദുർമാർഗത്തിൽ ചരിക്കുന്നവരാണ്, മുനാഫിഖുകളാണെന്ന് പോലും ചിലർ തെറ്റിധരിച്ചു. എന്നാൽ ഇവർ തന്നെയാണ് ദൈവകല്പനയാൽ മുനാഫിഖുകളുടെ കേന്ദ്രം നശിപ്പിക്കുന്നവരായിത്തീർന്നത്. അല്ലാഹു ഇവരുടെ ദർജകളെ ഉയർത്തുമാറാകട്ടെ. അല്ലാഹുവിന്റെ കല്പനകളെന്തൊക്കെയാണെന്നും ഏതുവരെ നാം അവയെ പൂർത്തിയാക്കുന്നവരാണെന്നുമുള്ള ആത്മ പരിശോധന നടത്താൻ അല്ലാഹു തൗഫീഖു നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 11.05.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516